©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2026 ഫെബ്രുവരി 06
06th February 2026
1201 മകരം 23
23rd Makaram 1201
1947 മാഘം 17
17th Magha 1947

നമ്പർ
No.
512

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 1/2026/തൊഴിൽ

തിരുവനന്തപുരം, 2026 ജനുവരി 8
1201 ധനു 24.

എസ്. ആർ. ഒ. നമ്പർ 165/2026

1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20), 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി.) 56/99/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 386/99 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള കരട് പദ്ധതി പൊതുജനങ്ങളുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞുകൊണ്ട് 2025 ഏപ്രിൽ 23-ാം തീയതിയിലെ എച്ച്3/178/2021-തൊഴിൽ നമ്പർ വിജ്ഞാപനമായി 2025 ഏപ്രിൽ 25-ാം തീയതിയിലെ 1578-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും അതിന്മേൽ നിശ്ചിത സമയ പരിധിക്കുള്ളിൽ ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടില്ലാത്തതിനാൽ കേരള സർക്കാർ, പ്രസ്തുത പദ്ധതി താഴെ പറയും പ്രകാരം വീണ്ടും ഭേദഗതി ചെയ്യുന്നു, അതായത്:-

പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ പദ്ധതിയ്ക്ക് 2026-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.— 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതിയിൽ,—

(1) അദ്ധ്യായം 1-ൽ,—

(i) 2-ാം ഖണ്ഡികയിൽ "ക്രമീകരണ-ക്ഷേമ സംവിധാനത്തിൽ ഉൾപ്പെടാത്തവരും" എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "തൊഴിൽ ലഭ്യത കുറവ് മൂലം പ്രസ്തുത പദ്ധതിയിൽ നിന്നും അംഗത്വം റദ്ദാക്കപ്പെട്ടവരും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) 3-ാം ഖണ്ഡിക, (1)-ാം ഉപഖണ്ഡികയിലെ (എൻ)-ാം ഇനത്തിൽ "പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടാത്തതും" എന്ന വാക്കുകൾക്കു ശേഷം "തൊഴിൽ ലഭ്യത കുറവ് മൂലം പ്രസ്തുത പദ്ധതിയിൽ നിന്നും അംഗത്വം റദ്ദാക്കപ്പെട്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) അദ്ധ്യായം 3-ൽ, 7-ാം ഖണ്ഡികയിൽ, (iii)-ാം ഇനത്തിന് ശേഷം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(iii എ) 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിൽ നിന്നും തൊഴിൽ ലഭ്യത കുറവ് മൂലം അംഗത്വം റദ്ദാക്കപ്പെട്ടതും";

(3) അദ്ധ്യായം 5-ൽ,—

(i) 15-ാം ഖണ്ഡിക, (1)-ാം ഉപഖണ്ഡികയിൽ,—

(എ) ഇനം (എ)-ലെ 2-ാം പട്ടികയ്ക്കു താഴെയുള്ള കുറിപ്പ് വിട്ടുകളയേണ്ടതാണ്;

(ബി) ഇനം (ബി)-യിൽ, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ക്യാൻസർ, ഹൃദ്രോഗം, വൃക്ക തകരാർ തുടങ്ങിയ മാരക രോഗങ്ങൾക്ക് കിടത്തി ചികിത്സയ്ക്ക് വിധേയനായിട്ടില്ലെങ്കിലും ആശുപത്രി ബിൽ, ഡോക്ടറുടെ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളുടെ അടിസ്ഥാനത്തിൽ പ്രതിവർഷം പരമാവധി 2000/- രൂപ വരെ എന്ന പരിധിക്ക് വിധേയമായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

റീ-ഇംമ്പേഴ്സ്മെന്റ് ചെയ്ത് നൽകുന്നതാണ്.";

(സി) (2)-ാം ഉപഖണ്ഡിക വിട്ടുകളയേണ്ടതാണ്;

(ii) ഖണ്ഡിക 15 ബി-യിൽ,

(എ) (1)-ാം ഉപഖണ്ഡികയിലെ "15(2) ഖണ്ഡിക പ്രകാരമുള്ള കുടുംബ പെൻഷൻ" എന്ന അക്കങ്ങളും ബ്രാക്കറ്റും വാക്കുകളും വിട്ടുകളയേണ്ടതാണ്;

(ബി) (5)-ാം ഉപഖണ്ഡികയിലെ "മരണപ്പെടുന്ന അംഗങ്ങളുടെ കുടുംബത്തിന് കുടുംബ പെൻഷൻ" എന്ന ചിഹ്നവും വാക്കുകളും വിട്ടുകളയേണ്ടതാണ്;

(iii) ഖണ്ഡിക 15 സി-യിൽ,

(എ) (11)-ാം ഉപഖണ്ഡിക വിട്ടുകളയേണ്ടതാണ്.

(ബി) (12)-ാം ഉപഖണ്ഡികയിലെ "(10)-ാം ഉപഖണ്ഡികയും (11)-ാം ഉപഖണ്ഡികയും" എന്ന അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും ചിഹ്നങ്ങൾക്കും പകരം "(10)-ാം ഉപഖണ്ഡിക" എന്ന അക്കവും വാക്കും ചിഹ്നവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ഷാനവാസ് എസ്.,
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി പ്രകാരം നിധിയിലേയ്ക്കുള്ള പ്രതിമാസ അംശദായം കൃത്യമായി അടച്ചിരുന്ന ഒരു അംഗം മരണപ്പെട്ടാൽ ടിയാന്റെ നോമിനിയ്ക്ക് അടുത്ത 7 വർഷത്തേയ്ക്ക് കുടുംബ പെൻഷൻ നൽകിയിരുന്നത് നിർത്തലാക്കുന്നതിനും, ഒരംഗം ക്യാൻസർ, ഹൃദ്രോഗം, വൃക്കതകരാർ തുടങ്ങിയ മാരകരോഗങ്ങൾക്ക് കിടത്തി ചികിത്സയ്ക്ക് വിധേയനായിട്ടില്ലെങ്കിലും ആശുപത്രി ബിൽ, ഡോക്ടറുടെ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളുടെ അടിസ്ഥാനത്തിൽ പ്രതിവർഷം പരമാവധി 2,000/- രൂപ വരെ എന്ന പരിധിയ്ക്ക് വിധേയമായി റീ-ഇമ്പേഴ്സ്മെന്റ് ചെയ്ത് നൽകുന്നതിനും വേണ്ടി പ്രസ്തുത പദ്ധതി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.06 07:16:07 +05:30